# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : **164** 16.06.2014-ൽ മറുപടിക്ക്

## സേവനാവകാശ നിയമം - ഡെലിഗേഷൻ ഓഫ് പവേഴ്സ് നൽകാതിരിക്കുന്നത്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ**<br>**ശ്രീ. വി.ശിവൻകുട്ടി**<br>**ശ്രീ. ആർ.രാജേഷ്**<br>**ശ്രീ. ബാബു.എം.പാലിശ്ശേരി** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശ നിയമം നിലവിൽ വന്നിട്ടും പൗരാവകാശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ലെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസിൽ നിന്നുള്ള സേവനങ്ങൾ നേടിയെടുക്കുന്നതിന് നേരിടേണ്ടിവരുന്ന പ്രയാസങ്ങൾക്ക് ഇപ്പോഴും കുറവ് ഉണ്ടായിട്ടില്ലെന്നറിയാമോ ; യഥാസമയം തീരുമാനം എടുക്കാത്ത വകുപ്പുകളിൽ ഇപ്പോൾ കെട്ടിക്കിടക്കുന്ന അപേക്ഷകളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സേവനാവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സമയബന്ധിതമായി തീരുമാനം എടുക്കാതിരുന്ന കേസുകളിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (സി) സമയബന്ധിതമായി തീരുമാനം എടുക്കാത്തതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | |
|---|---|
| (ഡി) ജനങ്ങൾ പരാതി പറയാൻപോലും മടിക്കുന്ന അവസ്ഥയാണിപ്പോൾ നില നിൽക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) ഉടൻ തീരുമാനം കൈക്കൊള്ളുന്നതിന് സാധ്യമാകും വിധം 'ഡെലിഗേഷൻ ഓഫ് പവേഴ്സ്" നൽകാതിരിക്കുന്നത് എന്തു കൊണ്ടാണെന്ന് വെളിപ്പെടുത്താമോ ? | (ഇ) പ്രസ്തുത നിയമപ്രകാരം സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, നിശ്ചിത സമയപരിധി, അപ്പീൽ അധികാരികൾ എന്നിവ നിശ്ചയിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് അതത് വകുപ്പുകൾ ആണ്. ടി ആക്റ്റിൽ ഡെലിഗേഷൻ ഓഫ് പവേഴ്സ് നൽകുന്നതിന് വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ